# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2330 – 12/02/2020 - ലെ മറുപടിക്ക്

## സർക്കാർ ആവശ്യപ്പെട്ട കേന്ദ്ര സഹായം

ചോദ്യം

ഉത്തരം

ശ്രീ.കെ.ജെ. മാക്സി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഓരോ സാമ്പത്തിക വർഷവും ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | 2016-17 ലെ വരൾച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 992.5 കോടി രൂപ അടിയന്തര സഹായമായി സംസ്ഥാനം ആവശ്യപ്പെട്ടുകയും 31.72 കോടി രൂപ കേന്ദ്രം അനുവദിക്കുകയുമുണ്ടായി. 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ അടിയന്തര സഹായം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയും 2904.85 കോടി രൂപ അനുവദിക്കുകയും ചെയ്തു. 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ അടിയന്തര സഹായം കേന്ദ്രദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു വെങ്കിലും ഇതുവരെ സഹായം അനുവദിച്ചിട്ടില്ല. |
| (ബി) | തൊഴിലുറപ്പ് തുടങ്ങി വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി (ഇനം തിരിച്ച്) ഓരോ വർഷവും സർക്കാർ ആവശ്യപ്പെട്ട സഹായങ്ങൾ എന്തെല്ലാം; ലഭ്യമായത് എന്തെല്ലാം; വ്യക്തമാക്കുമോ; | സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബജറ്റിന്റെ അടിസ്ഥാനത്തിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ ഓരോ വർഷവും തുക അനുവദിക്കുന്നത്. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസൃത മായാണ് സാമൂഹ്യക്ഷേമ പെൻഷന്റെ കേന്ദ്രവിഹിതം അനുവദിക്കുന്നത്. ഇത്തരത്തിൽ, 2016-17 കാലയളവ് മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കും വിവിധ |

<table>
<tr>
<td></td>
<td></td>
<td>സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾക്കുമായി കേന്ദ്രസർക്കാർ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th rowspan="2">സാമ്പത്തിക വർഷം</th><th colspan="2">അനുവദിച്ച തുക (കോടിയിൽ)</th></tr>
<tr><th>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</th><th>വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ</th></tr>
<tr><td>2016-17</td><td>195.78</td><td>222.00</td></tr>
<tr><td>2017-18</td><td>206.20</td><td>217.51</td></tr>
<tr><td>2018-19</td><td>303.17</td><td>222.00</td></tr>
<tr><td>2019-20</td><td>344.27 (11/02/2020 വരെ)</td><td>112.83</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>തൊഴിലുറപ്പ് തൊഴിലാളി പെൻഷൻ ഉൾപ്പെടെ സംസ്ഥാന സർക്കാർ നൽകുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാം; എത്ര പെൻഷൻകാരുണ്ട്; എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്; ആയതിനായി ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;</td>
<td>06/02/2020-ലെ കണക്കുകൾ പ്രകാരം, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നീ പദ്ധതികളിലായി 4734110 സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും 16 ക്ഷേമനിധി ബോർഡുകളിലായി 678164 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ പെൻഷൻ അനുവദിക്കുന്നു. സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം തന്നെ 2019 സെപ്റ്റംബർ മാസം വരെയുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക നൽകാനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് പ്രത്യേക പെൻഷൻ പദ്ധതികളൊന്നും നിലവിലില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകാനായി സംസ്ഥാന</td>
<td>നേരത്തെ വിവിധ തട്ടുകളിലായി കൈകാര്യം ചെയ്യുകയും വിതരണം നടത്തുകയും ചെയ്തിരുന്ന</td>
</tr>
</table>

| | | |
|---|---|---|
| | ധനകാര്യവകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന്റെ കീഴിൽ, 26/06/2018-ലെ സ.ഉ(എം.എസ്) നം. 232/2018-ധന ഉത്തരവിലൂടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മേൽപ്പറഞ്ഞ പെൻഷനുകൾ കൈകാര്യം ചെയ്യുന്നത് ഈ കമ്പനി വഴിയാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി ലഭിക്കുന്ന കേന്ദ്രസഹായത്തിനു പുറമെ സംസ്ഥാന ബജറ്റ് വിഹിതവും കെ.എസ്.എസ്.പി.എൽ-ന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, പെൻഷൻ വിതരണം മൂലം കമ്പനിക്കുണ്ടാകുന്ന ബാധ്യതയുടെ തിരിച്ചടവും സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ